ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (ഐ റ്റി എസ് എഫ്) വകുപ്പ്

നമ്പർ. 98/2021/ധന

തിരുവനന്തപുരം, തീയതി : 25/10/2021.

## സർക്കുലർ

**വിഷയം:-** സ്പാർക്ക് ഡാറ്റാ തിരുത്തൽ - ജീവനക്കാർക്കും വകുപ്പ് മേധാവി/ഡി ഡി ഒ മാർക്ക് ഉള്ള ഉടർ നിർദ്ദേശം - സംബന്ധിച്ച്.

**സൂചന:-** 1. പരിപത്രം നം. 64/2019/ധന തീയതി 01/07/2019.
2. പരിപത്രം നം. 56/2020/ധന തീയതി 06/10/2020.

സൂചന (1) പരിപത്രപ്രകാരം, സ്പാർക്ക് ഡാറ്റായിൽ തെറ്റായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യപ്പെട്ടാൽ അവ തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ/നടപടിക്രമം വ്യക്തമാക്കി എല്ലാ ഡി ഡി ഒ മാർക്കും അറിയിപ്പ് നൽകിയിരുന്നു. സൂചന (2) പരിപത്രപ്രകാരം, താൽക്കാലിക ജീവനക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു.എന്നാൽ ഇക്കാലയളവിലെല്ലാം വർദ്ധിച്ച തോതിലുള്ള എണ്ണം അപേക്ഷകളാണ് തെറ്റ് തിരുത്തുന്നതിനായി സർക്കാരിൽ ലഭിച്ച വരുന്നത്. ഓരോ വിവരവും അപ്ഡേറ്റ് ചെയ്യപ്പെടുന്നതിന് മുമ്പ് ആയത് ഉറപ്പ് വരുത്തുന്നതിനുള്ള സ്പാർക്കിലെ സൂചനാ സന്ദേശം (warning messages) ഡി ഡി ഒ മാർ കണ്ട്, അംഗീകരിച്ച ശേഷമാണ് അപ്ഡേഷൻ നടക്കുന്നത്. എന്നാൽ ഇത്തരം സൂചനാ സന്ദേശങ്ങൾ അവഗണിയ്ക്കുന്നതായാണ് പലപ്പോഴും കണ്ട് വരുന്നത്. മാത്രമല്ല സർക്കാരിന്റെ ഇത്തരം ആധികാരിക ഡാറ്റയിൽ നിരന്തരം തിരുത്തലുകൾ വരുന്നതും ശരിയായ പ്രവണതയല്ല. ആകയാൽ മേലിൽ ഇത്തരം തിരുത്തലുകൾക്കായി സൂചനയിലെ സർക്കുലർ പ്രകാരം സർക്കാരിലേയ്ക്ക് പ്രപ്പോസൽ സമർപ്പിക്കുമ്പോൾ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ വിശദീകരണവും ആയതിന്മേൽ നിയന്ത്രണ/നിയമനാധികാരി സ്വീകരിച്ച നടപടി റിപ്പോർട്ട് സഹിതമായിരിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികളെയും അറിയിക്കുന്നു.

**രാജേഷ് കുമാർ സിംഗ് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം**

പകർപ്പ്

1) പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(A&E/G&SSA),തിരുവനന്തപുരം
2) അക്കൌണ്ടന്റ് ജനറൽ (E&RSA), തിരുവനന്തപുരം
3) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4) എല്ലാ വകുപ്പ് തലവന്മാർക്കും
5) ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും (e office നോട്ടീസ് ബോർഡ് വഴി)
6) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (e office നോട്ടീസ് ബോർഡ് വഴി)
7) നോഡൽ ഓഫീസർ, www.finance.kerala.gov.in
8) കരുതൽ/ഓഫീസ് പകർപ്പ്(E-1863673)

ഉത്തരവിൻ പ്രകാരം

Anuja gladis R.L

മാനേജർ (ഐ റ്റി എസ് എഫ്)